(സി) സംസ്ഥാനത്ത് അനുവദിക്കുന്ന പ്രതിമാസ മണ്ണെണ്ണയുടെ വിഹിതം 22608 കി. ലിറ്ററാണ്. യഥാർത്ഥത്തിൽ പ്രതിമാസം സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ളത് 29677 കി. ലിറ്ററാണ്. സംസ്ഥാനത്തിന് മണ്ണെണ്ണ വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി 2001 മുതൽ ബി.പി.എൽ. കാർഡ് ഉടമകൾക്ക് മാത്രമാണ് കേന്ദ്രം സബ്സിഡി നിരക്കിലുള്ള പഞ്ചസാര വിതരണം ചെയ്യുന്നത്. എന്നാൽ സംസ്ഥാന സർക്കാർ എല്ലാ വിഭാഗങ്ങൾക്കും പഞ്ചസാര വിതരണം ചെയ്യുന്നതിനുള്ള ഉദ്ദേശത്തോടെ എ.പി.എൽ. കാർഡ് ഉടമകൾക്കും മാവേലി സ്റ്റോറിലൂടെ പഞ്ചസാര വിതരണം നടത്തിവരുന്നു.

(ഡി) പൊതുവിതരണ ശൃംഖലവഴി നിത്യോപയോഗ സാധനങ്ങൾ ഇപ്പോൾ സബ്സിഡി നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. സബ്സിഡി ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

സ്കൂൾ വിദ്യാർത്ഥികൾക്ക് 5 കി.ഗ്രാം അരി സൗജന്യമായി നൽകുന്ന പദ്ധതി

53 [1141] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷവേളകളിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് അഞ്ച് കിലോഗ്രാം അരി സൗജന്യമായി നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) 2001 മേയ് മാസത്തിനുശേഷം എല്ലാ വർഷവും ഇത്തരം ആഘോഷവേളകളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി അരി വിതരണം നടത്തുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ 2001 മേയ് മാസത്തിലെ ഗുണഭോക്താക്കളുടെ എണ്ണവും ഇപ്പോഴത്തെ ഗുണഭോക്താക്കളുടെ എണ്ണവും എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് അരി വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തു തുക ഗവൺമെന്റിൽനിന്നും ലഭിക്കുവാനുണ്ടെന്ന് പറയാമോ ;

(ഇ) ഈ തുക സമയബന്ധിതമായി ലഭ്യമാക്കി ഭക്ഷ്യ സുരക്ഷിതത്വ പദ്ധതി നിലനിറുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 1997 ജൂലൈ മാസം മുതൽ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) 2001 മേയ് മാസത്തിലെ ഗുണഭോക്താക്കളുടെ എണ്ണം 2825,364 ഇപ്പോഴത്തെ ഗുണഭോക്താക്കളുടെ എണ്ണം 2697,244.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 22,58,68,654 രൂപ.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും യഥാസമയങ്ങളിൽ ഡി.പി.ഐ. യുമായി ബന്ധപ്പെട്ട് മേൽ തുക ലഭിക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു. കൂടാതെ 'സർക്കാർ തലത്തിൽ ഈ വകയിൽ കോർപ്പറേഷന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ആശ്രിത നിയമനം

54 [1142] ശ്രീ. തോമസ് ഉണ്ണിയാടൻ :
" സ്റ്റീഫൻ ജോർജ്ജ്
" ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനുവേണ്ടി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്താമോ ;

(ബി) ആശ്രിതനിയമനങ്ങൾ സംബന്ധിച്ച അപേക്ഷകൾ കോർപ്പറേഷൻ യഥാസമയം തീർപ്പു കൽപ്പിച്ചിട്ടുണ്ടോ ;

(സി) എത്ര അപേക്ഷകളിൻമേൽ തീർപ്പു കൽപ്പിക്കാനുണ്ട് ; വിശദ വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 12 (പന്ത്രണ്ട്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

തൃശ്ശൂർ—1
തിരുവനന്തപുരം—2
എറണാകുളം—3
മലപ്പുറം—1
കോട്ടയം—1
കോഴിക്കോട്—2
പാലക്കാട്—1
കൊല്ലം—1

(ബി) രണ്ടെണ്ണം ഒഴികെ മറ്റുള്ളവ തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

(സി) രണ്ട് ഇവ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly